"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.141/2026/HEDN തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ 24.10.2025 തീയതിയിലെ ബി1/189/2022-സി.ഇ.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2 വാഹനങ്ങൾ ഉണ്ടായിരുന്നതിൽ ഒരു വാഹനം 15 വർഷം കഴിഞ്ഞതിനാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിലും നിലവിൽ ഉപയോഗിക്കുന്ന വാഹനം, 14 വർഷം പൂർത്തിയാക്കിയിട്ടുള്ളതിനാൽ കേരളത്തിലുടനീളം ഔദ്യോഗിക ആവശ്യങ്ങൾക്ക് യാത്ര ചെയ്യുന്നതിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിലും കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒരു ഡ്രൈവർ പോസ്റ്റ് നിലവിലുള്ള സാഹചര്യത്തിലും ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നല്കണമെന്ന് പരാമർശിത കത്തു പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

2. തമ്പാനൂർ, കെ എസ് ആർ ടി സി കോംപ്ലക്സിലെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന കമ്മീഷണറുടെ കാര്യാലയത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ചാർജിംഗ് സ്റ്റേഷൻ ഇല്ലാത്തതിനാലും ദീർഘദൂര യാത്രകൾ അധികമായി വേണ്ടി വരുന്നതിനാലും, ഇലക്ട്രിക്ക് വാഹനങ്ങൾ പ്രായോഗികമല്ലാത്തതാണെന്നും അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 15 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു 5 സീറ്റർ ഡീസൽ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രവേശന പരീക്ഷാ കമ്മീഷണർ, കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം - 695001.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A & E/Audit) കേരള, തിരുവനന്തപുരം.
ധനകാര്യ (വിദ്യാ-സി) വകുപ്പ് ( 3332667/Edn-C3/345/2025-Fin പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3714 പ്രകാരം)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
www.highereducation.kerala.gov.in.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G3/60/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by Deepa N S
Date: 24-02-2026 11:31:28

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-02-2026

ഇനം നം: 3714

ഫയൽ നം. ജി3/360/2025/ഉ.വി.വ.

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം വാങ്ങണമെന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആവശ്യം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

AS(G)

21/2/26

3714

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ജി3/360/2025 |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ് |
| 3. | വിഷയം | : | പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം വാങ്ങണമെന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആവശ്യം - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/02/2026 |
| 5. | (1)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതേ |
| | (2)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ അജയൻ.സി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിളാ മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/02/2026 |
| 14. | കുറിപ്പിന്റെ അംഗീകരിച്ച പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം വാങ്ങണമെന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആവശ്യം സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിലവിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2 വാഹനങ്ങൾ ഉണ്ടായിരുന്നതിൽ KL 01 AM 6386 2006 മോഡൽ മാരുതി എസ്റ്റീം വാഹനം 15 വർഷം കഴിഞ്ഞതിനാൽ കണ്ടം ചെയ്യുന്നതിന് ക്വൊട്ടേഷൻ ക്ഷണിക്കുവാൻ അനുമതി നൽകുകയും തുടർന്ന് കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി KL 01 BD 6582 2011 മോഡൽ വോൾക്സ് വാഗൻ വെന്റോ എന്ന വാഹനം മാത്രമാണ് ഉള്ളത്. ആയതു രജിസ്ട്രേഷൻ കഴിഞ്ഞു 14 വർഷം പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ ടി വാഹനത്തിന് കാലപ്പഴക്കംകൊണ്ട് അടിക്കടി അറ്റകുറ്റപ്പണികൾ നടത്തേണ്ട സാഹചര്യം ആണെന്നും യാത്ര മദ്ധ്യേ വാഹനം തകരാറിലാകുന്ന അവസ്ഥയും ഉണ്ടാകുന്നുണ്ടെന്നും രജിസ്ട്രേഷൻ പൂർത്തീകരിച്ച് 14 വർഷം കഴിഞ്ഞതിനാൽ സെല്ലിംഗ് നടപടികൾ ആരംഭിച്ചു കഴിഞ്ഞുവെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രവേശന പരീക്ഷ കമ്മീഷണർക്ക് യാത്ര ചെയ്യുന്നതിന് ക്ഷമത ഉള്ള വാഹനങ്ങൾ ഒന്നും ലഭ്യമല്ല എന്നും, തമ്പാനൂർ, കെ എസ് ആർ ടി സി കോപ്ലേക്സ് ഏഴാം നിലയിൽ പ്രവർത്തിക്കുന്ന കമ്മീഷണറുടെ കാര്യാലയത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്

ചെയ്യുന്നതിന് ചാർജിംഗ് സ്റ്റേഷൻ ഇല്ലാത്തതിനാലും ദീർഘദൂര യാത്രകൾ അധികമായി വേണ്ടി വരുന്നതിനാലും ഇലക്ട്രിക്ക് വാഹനങ്ങൾ പ്രായോഗികമല്ല എന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചിരുന്നു. കൂടാതെ കാര്യാലയത്തിൽ ഒരു ഡ്രൈവർ പോസ്റ്റ് അനുവദിച്ചിട്ടുള്ളതാണെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒരു ഡ്രൈവർ പോസ്റ്റ് ഉള്ളതിനാലും, നിലവിൽ ഉപയോഗിക്കുന്ന വാഹനം രജിസ്ട്രേഷൻ പൂർത്തീകരിച്ച് 14 വർഷം കഴിഞ്ഞതിനാലും പ്രവേശന പരീക്ഷ കമ്മീഷണറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു പുതിയ വാഹനം വാങ്ങണമെന്ന ആവശ്യത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ആയത് ചുവടെ ചേർക്കുന്നു

"പ്രവേശന പരീക്ഷ കമ്മീഷണറുടെ ഉപയോഗത്തിന് 15 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു 5 സീറ്റർ ഡീസൽ വാഹനം മന്ത്രിസഭാനുമതിക്ക് വിധേയമായി വാങ്ങാൻ ധനകാര്യ വകുപ്പ് അനുമതി നൽകുന്നു."

4. മേൽപ്പറഞ്ഞ വിഷയത്തിൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

5. മേൽപ്പറഞ്ഞ സാഹചര്യത്തിൽ "പ്രവേശന പരീക്ഷ കമ്മീഷണറുടെ ഉപയോഗത്തിന് 15 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു 5 സീറ്റർ ഡീസൽ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകാവുന്നതാണോ എന്നതിൻമേൽ അനുമതിക്കായി മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നു

## തീരുമാനിക്കേണ്ട വിഷയം

പ്രവേശന പരീക്ഷ കമ്മീഷണറുടെ ഉപയോഗത്തിന് 15 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു 5 സീറ്റർ ഡീസൽ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകാവുന്നതാണോ?